


# വയലിൻരംഗത്തെ കുട്ടിവിസ്മയം

അഭിമുഖം/ ശ്രീദേവി എസ്.കെ.

ഗുരുവായൂർ ക്ഷേത്രവേദിയിൽ വർഷങ്ങൾക്കു മുമ്പ്, ഒരു വയലിൻകച്ചേരി നടന്നു. അതു കഴിയുംവരെ അമ്മയുടെ മടിത്തട്ടിൽ കച്ചേരിയാസ്വദിച്ചു ചലനമറ്റിരുന്ന നാലുവയസ്സുകാരി പെൺകുട്ടി ഇന്നു വയലിൻ വാദനരംഗത്തെ വിസ്മയമാണ്. ഗുരുവായൂരമ്പലത്തിൽ രുഗ്മിണിക്കാർ സ്പോൺസർ ചെയ്തിരുന്ന ഏകാദശിവിളക്കിനു നടത്തിയ കച്ചേരിയുടെ വീഡിയോ അച്ഛൻ ശശിധരനാണ് മൊബൈലിൽ പകർത്തി സോഷ്യൽ മീഡിയയിലിട്ടത്. അതു വൈറലായതോടെ ഗംഗ ശശിധരൻ എന്ന കൊച്ചു വയലിൻ ആർട്ടിസ്റ്റ് ശ്രദ്ധേയയാവുകയായിരുന്നു. ഇന്നു തിരക്കുള്ള ഒരു വയലിനിസ്റ്റാണെന്നുമാത്രമല്ല, നിരവധി പുരസ്കാരങ്ങളും ഗംഗയെ തേടി എത്തിയിട്ടുണ്ട്.

*എന്നു മുതലാണ് ഗംഗയ്ക്ക് സംഗീതത്തിനോട് താത്പര്യം തോന്നിത്തുടങ്ങിയത്?*

അമ്മയ്ക്കു സംഗീതം വളരെ ഇഷ്ടമാണ്. ഞാൻ അമ്മയുടെ ഉദരത്തിലായിരുന്ന സമയത്ത് അമ്മ വയലിൻ പഠിക്കുന്നുണ്ടായിരുന്നു. ഞാൻ രണ്ടര മൂന്നു വയസ്സായപ്പോഴൊക്കെ കർണാട്ടിക് മ്യൂസിക് ധാരാളം കേൾക്കുമായിരുന്നു. അതു കേട്ടുകേട്ടാണ് അതിനോട് ഒരു താത്പര്യം തോന്നിത്തുടങ്ങിയത്.

പിന്നെ, അമ്മയുടെ അച്ഛനും അമ്മയും (മുത്തച്ഛനും മുത്തശ്ശിയും) കലാപരമായി അറിവുള്ളവരായിരുന്നു. ക്ലാസിക്കൽ മ്യൂസിക്കിലും ഇൻസ്ട്രമെന്റൽ മ്യൂസിക്കിലും നല്ല ജ്ഞാനം ഉണ്ടായിരുന്നു. മുത്തച്ഛൻ ബാങ്കുജീവനക്കാരനായിരുന്നു. അദ്ദേഹം നന്നായി മൃദംഗം വായിക്കുമായിരുന്നുവെന്ന് അമ്മ പറഞ്ഞു കേട്ടിട്ടുണ്ട്. അങ്ങനെ ഒരു കലാപാരമ്പര്യം ഉണ്ടായതുകൊണ്ടാവാം കുഞ്ഞായിരുന്നപ്പോൾത്തന്നെ സംഗീതത്തോട് എനിക്കു താത്പര്യമുണ്ടായത്.

*ആദ്യഗുരുക്കന്മാർ ആരൊക്കെയായിരുന്നു?*

തിരുവനന്തപുരം സ്വദേശിയായ നിതിൻ ആയിരുന്നു ആദ്യഗുരു. പിന്നീട് രാധികടീച്ചറും (രാധിക പരമേശ്വരൻ). നാലര വയസ്സിലാണ് പഠനം തുടങ്ങിയത്. കൊറോണയായതോടെ ക്ലാസുകൾ നിന്നുപോയി.

കൊറോണയ്ക്കുശേഷം ഓൾ ഇന്ത്യാ റേഡിയോയിലെ ടോപ്പ് എ ഗ്രേഡ് വയലിൻ ആർട്ടിസ്റ്റായ സി. എസ്. അനുരൂപ്സാറാണ് എന്റെ ഗുരുവും വഴികാട്ടിയും.

*അനുരൂപ്സാറിന്റെ ക്ലാസുകൾ എങ്ങനെയായിരുന്നു? കൊച്ചുഗംഗയ്ക്ക് ഉത്സാഹമായിരുന്നോ പഠിക്കാൻ?*

ഇത്രയും നല്ല ഗുരുവിനെ കിട്ടിയതു ഭാഗ്യമായി ഞാൻ കരുതുന്നു. സാറിനെ ആദ്യം കണ്ടപ്പോൾ വളരെ സ്ട്രിക്റ്റാണെന്നു തോന്നി. ക്ലാസുകളൊക്കെ പ്രത്യേക സ്റ്റൈലാണ്. കളിപ്പാട്ടം വാങ്ങിയും കളിച്ചും മിഠായി വാങ്ങിത്തന്നുമൊക്കെയാണ് പഠിപ്പിക്കുന്നത്. സാറിന്റെ വൈഫും വലിയ സപ്പോർട്ടാണ്. വയലിൻക്ലാസിനു പോകുവാണെന്ന ഒരു ഫീൽ ഇല്ല. വളരെ സ്വാതന്ത്ര്യമുണ്ട്. സാർ പറഞ്ഞിട്ടാണ് ഗുരുവായൂർ ഏകാദശിക്കു പ്രോഗ്രാം ചെയ്തത്.



*ശേഷം 8-ാം പേജിൽ*



# ഓജസ്സുറ്റ ഗാനങ്ങളുമായി ഒവിയാറ്റസ്

സ്വന്തം പേരിലെ നവീനത്വം ആലാപനത്തിലും സൃഷ്ടിച്ചുകൊണ്ട് ഒവിയാറ്റസ് എന്ന കൗമാരക്കാരി ഇതാ മലയാളത്തിന്റെ ഗാനലോകത്ത് പുതിയ തരംഗമാവുന്നു. വേറിട്ട ശബ്ദവും ഭാവവുംകൊണ്ട് ആസ്വാദകർക്കു മുമ്പിൽ സ്വരമാധുരി തീർക്കുന്ന ഈ ഗായിക ഇന്ന് ഏറെ ശ്രദ്ധിക്കപ്പെട്ടുകഴിഞ്ഞു.

ഒവിയാറ്റസിന്റെ പ്രശസ്തിക്കും അംഗീകാരത്തിനും പൊൻതൂവലെന്നോണം ഇപ്പോഴിതാ മലയാളസിനിമയുടെ മണിമുറ്റത്തും ആ സ്വരഭംഗി പീലി നിവർത്തിയിരിക്കുന്നു! ഇന്ത്യയുടെ മുൻനിരസംഗീതജ്ഞനായ ഹരിഹരനൊപ്പം പാടാനുള്ള അസുലഭഭാഗ്യമാണ് ഈ കൊച്ചു മിടുക്കിക്കു കൈവന്നത്. ദയഭാരതി എന്ന ചിത്രത്തിൽ 'ഉയിരിന്നുയരാം ഭാരതമേ...' എന്നാരംഭിക്കുന്ന ഗാനത്തിലാണ് ഒവിയാറ്റസ് ഹരിഹരനൊപ്പം പാടിയിരിക്കുന്നത്. ചിത്രം ഒക്ടോബർ 24 നു തിയറ്ററിലെത്തി. ഗായകനായ ഹരിഹരനും ആദ്യമായി അഭിനയിച്ചിരിക്കുന്നുവെന്ന സവിശേഷതയും ഈ ചിത്രത്തിനുണ്ട്.

ക്രിസ്ത്യൻ ഭക്തിഗാനത്തിലൂടെയും ഹ്രസ്വചിത്രങ്ങളിലൂടെയുമാണ് ഒവിയാറ്റസ് ഗാനലോകത്തേക്കു ചുവടുവയ്ക്കുന്നത്. സിനു ആന്റണി സംഗീതം നല്കിയ 'കരുണാമയനേ' എന്ന ആൽബം നല്ല തുടക്കമായി. പിന്നീട് ഇരുപതോളം ആൽബങ്ങളിലും ഹ്രസ്വചിത്രങ്ങളിലും പാടി ശ്രദ്ധ നേടി. വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ പൗരോഹിത്യസ്വീകരണശതാബ്ദിയോടനുബന്ധിച്ചു പുറത്തിറക്കിയ ആൽബത്തിൽ ഒവിയാറ്റസ് പാടിയ ഗാനങ്ങൾ ഏറെ അഭിനന്ദനങ്ങൾ നേടുകയുണ്ടായി.

സ്കൂൾ കലോത്സവവേദികളിലും സംഗീതപരിപാടികളിലും സജീവസാന്നിധ്യമായ ഒവിയാറ്റസ് ഇതിനോടകം നിരവധി പുരസ്കാരങ്ങളും നേടിക്കഴിഞ്ഞു! അമനകര ചാവറ ഇന്റർനാഷണൽ സി.എം.ഐ. സ്കൂളിൽ പത്താംക്ലാസ് വിദ്യാർഥിനിയായ ഈ കലാകാരി, ഐഡിയ സ്റ്റാർ സിംഗർ ഫെയിം ജിൻസ് ഗോപിനാഥിന്റെ ശിക്ഷണത്തിൽ ഇപ്പോൾ സംഗീതം അഭ്യസിച്ചുവരുന്നു.

രാമപുരം കീലത്ത് സന്തോഷ് മാത്യുവിന്റെയും സിനിയുടെയും മകളാണ്. സഹോദരി അൽക്ക മരിയ അഗസ്റ്റിൻ.

# കലകളിൽ വിരിയുന്ന സുന്ദരസ്വപ്നങ്ങൾ



**സാന്ദ്ര എലിസബത്ത് ബാബു**
എം.എ. ഇംഗ്ലീഷ്
ഏറ്റുമാനൂരപ്പൻ
കോളജ്, ഏറ്റുമാനൂർ

മനുഷ്യരുടെ ജീവിതത്തിൽ അപാരമായ പ്രാധാന്യം അർഹിക്കുന്ന ഒരു ഘടകമാണ് കല. ഇത് ആന്തരികവികാരങ്ങളെ, സാമൂഹികചിന്തകളെ, സംസ്കാരങ്ങളെ ഒക്കെ പ്രകടിപ്പിക്കുന്നു. ചിത്രകല, സംഗീതം, നൃത്തം തുടങ്ങിയ കലാരൂപങ്ങൾ,മനുഷ്യരുടെ സന്തോഷം, ദുഃഖം തുടങ്ങിവയുടെ സത്യസന്ധമായ പ്രതിഫലനമാണ്.

ഒരു ചിത്രകാരൻ അവന്റെ ചിത്രത്തിലൂടെ, മനുഷ്യന്റെ ദുഃഖവും സന്തോഷവും, സത്യവും അസത്യവും തുറന്നുകാണിക്കുന്നു. കലയിലൂടെ ആളുകൾക്ക് അനുഭവങ്ങൾ പങ്കുവയ്ക്കാനും സാമൂഹിക പ്രശ്നങ്ങളെക്കുറിച്ചു ചിന്തിക്കാനും അവസരമുണ്ട്. ഉദാഹരണത്തിന്, ചില കലാസൃഷ്ടികൾക്ക് സാമൂഹികനീതിയെയും പരിസ്ഥിതിയെയും മനുഷ്യാവകാശത്തെയുംപറ്റിയുള്ള അവബോധം ഉണ്ടാക്കാൻ കഴിയും. ഈ സന്ദേശങ്ങൾ സമൂഹത്തെ പ്രചോദിപ്പിക്കുന്നു, ആളുകൾക്കു പ്രത്യാശ നൽകുന്നു.

കലാസൃഷ്ടികൾ ഒരു സമുദായത്തിന്റെ ഐക്യം ഉറപ്പാക്കുന്നു. കലയുടെ വളർച്ച സമൂഹത്തെ സംസ്കാരസമ്പന്നമാക്കുന്നു. സംസ്കാരം കലയുടെ മൂല്യം വർധിപ്പിക്കുന്നു. കല സമൂഹത്തിലെ അനീതിക്കുനേരേ വിരൽചൂണ്ടുന്ന ശക്തമായ ഒരു ഉത്പന്നമായി മാറുന്നു. ഇതിനുപുറമേ, കല മനുഷ്യമനസ്സാക്ഷിയെ ഉണർത്തുകയും നവയുഗസൃഷ്ടിക്കു പ്രേരണ നൽകുകയും ചെയ്യുന്നു.



അതിനാൽ, കല വിദ്യാഭ്യാസരംഗത്തും പ്രാധാന്യം അർഹിക്കുന്നു. ആർട്സ് ക്ലാസ്സുകൾ, വിദ്യാർഥികളുടെ സർഗാത്മകത തിരിച്ചറിയാനും ആശയവിനിമയകഴിവുകൾ മെച്ചപ്പെടുത്താനും ഏറെ സഹായകമാണ്. ഈ പ്രവർത്തനങ്ങൾ വിദ്യാർഥികളുടെ മാനസികവികാസത്തിനും ആത്മവിശ്വാസത്തിനും ആവശ്യമായ അടിത്തറയുണ്ടാക്കുന്നു. കലാസൃഷ്ടിയിൽ ഏർപ്പെടുമ്പോൾ അവരുടെ ആത്മവിശ്വാസം വളരുന്നു; കാഴ്ചപ്പാടുകളും സാമൂഹികബന്ധങ്ങളും ശക്തമാകുന്നു.



അതുപോലെ, കലാരംഗത്ത് ഇന്നു ധാരാളം തൊഴിലവസരങ്ങളുണ്ട്. കലാപരിപാടികൾ, കലാപ്രദർശനങ്ങൾ എന്നിവ പ്രദേശങ്ങളിലെ സാമ്പത്തിക പുരോഗതിയിൽ വലിയ പങ്കു വഹിക്കുന്നു. ഇത് തൊഴിൽസുരക്ഷയ്ക്കും സഹായിക്കുന്നു.

കല മനുഷ്യന്റെ ആത്മീയതയെയും മെച്ചപ്പെടുത്തുന്നുണ്ട്. മതപരമായ കലാസൃഷ്ടികൾ ആത്മീയമായ ദർശനങ്ങൾ നൽകുന്നു. അവ വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അടയാളങ്ങളായി വർത്തിക്കുന്നു.

കല തലമുറകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ഉപാധികൂടിയാണ്. ഇന്നത്തെ യുവാക്കളെ പ്രചോദിപ്പിക്കുന്നത്, അവരുടെ സ്വപ്നങ്ങൾ സൃഷ്ടിക്കുന്നത്, ആന്തരികഭാവനകൾക്കു വഴിയൊരുക്കുന്നത് കലയാണ്. സാങ്കേതികവിദ്യയുടെ വളർച്ചയോടെ, ഡിജിറ്റൽ കലയും, ആനിമേഷൻ, ഫോട്ടോഗ്രാഫി എന്നിവയും വരാനിരിക്കുന്ന തലമുറകൾക്കു പുതിയ സന്ദേശങ്ങൾ നൽകുന്നു.

കാലം മുന്നോട്ടു ചെല്ലുന്തോറും കലയുടെ സാമൂഹികപങ്ക് കൂടുതൽ ശക്തമാകും. ഒരു സമൂഹത്തിന്റെ ആരോഗ്യവും സന്തോഷവും, ഓരോരുത്തരുടെയും സർഗശേഷിയിലും അതിന്റെ പ്രകടനങ്ങളിലുമാണു നിലനില്ക്കുന്നത്.

## എന്റെ വര



**ഗൗതം കൃഷ്ണ എം.**
ക്ലാസ് VIII
ലൂർദ് പബ്ലിക് സ്കൂൾ &
ജൂനിയർ കോളജ്,
കോട്ടയം



7-ാം പേജ് തുടർച്ച

# വയലിൻരംഗത്തെ കുട്ടിവിസ്മയം

*മറ്റെവിടെയൊക്കെയാണ് ഗംഗ കച്ചേരികൾ നടത്തിയിട്ടുള്ളത്?*

ഏഴാം വയസ്സിൽ ഗുരുവായൂർ മമ്മിയൂർ അമ്പലത്തിൽ ഒരു പ്രോഗ്രാം ചെയ്തു. ഒന്നു രണ്ടു കീർത്തനങ്ങളാണ് അന്നു വായിച്ചത്. അതിനുശേഷമാണ് ഗുരുവായൂരും വൈക്കംമഹാദേവക്ഷേത്രത്തിലും പ്രമുഖ വാദ്യമേളക്കാർക്കൊപ്പം കച്ചേരികൾ നടത്തിയത്. പിന്നീടങ്ങോട്ട് നൂറിലധികം സ്റ്റേജുകൾ. ഏറ്റവും കൂടുതൽ നന്ദി പറയേണ്ടത് അനുരൂപ്സാറിനോടുതന്നെയാണ്. പിന്നെ, വീട്ടുകാരുടെ സപ്പോർട്ടും വേണ്ടുവോളമുണ്ട്.

*അമ്പലങ്ങളിലല്ലാതെ മറ്റെവിടെയൊക്കെയാണ് ഗംഗ സാധാരണമായി കച്ചേരികൾ നടത്താറ്?*

അമൃത, ഫ്ളവേഴ്സ്, സി കേരളം തുടങ്ങിയ ചാനലുകളിലും പ്രോഗ്രാം ചെയ്തിട്ടുണ്ട്. ഫ്ളവേഴ്സ് ടിവിയിൽ എം ജി ശ്രീകുമാർ, സുജാത മോഹൻ, മധു ബാലകൃഷ്ണൻ, ശരത്, ഷാൻ റഹ്മാൻ തുടങ്ങിയ പ്രമുഖ സംഗീതകലാകാരന്മാരുടെ വേദികളിലും പ്രോഗ്രാം ചെയ്തിട്ടുണ്ട്.

*ഏതു സ്കൂളിലാണുപഠിക്കുന്നത്?*

പ്രൈമറി ക്ലാസ്സുകൾ ഗുരുവായൂർ ദേവസ്വം സ്കൂളിലായിരുന്നു. വെളിയങ്കോട് അയിരൂർ എയുപി സ്കൂളിൽ ഇപ്പോൾ ആറാം ക്ലാസിലാണ് പഠിക്കുന്നത്.

*കുടുംബത്തെക്കുറിച്ച്...*

അച്ഛൻ കെ.എം. ശശിധരൻ ദുബായിൽ ബിസിനസ് ചെയ്യുന്നു. അമ്മ കൃഷ്ണവേണി. സഹോദരൻ മഹേശ്വരൻ പ്ലസ്ടുവിനു പഠിക്കുന്നു.

*വയലിൻ പ്രാക്ടീസ് എപ്പോഴാണ്?*

വെളുപ്പിന് 5.30 ന് പരിശീലനം തുടങ്ങും. രണ്ടു മണിക്കൂർ പ്രാക്ടീസ് ചെയ്യും. സ്റ്റേജ് പ്രോഗ്രാമിനു പോകുമ്പോൾ ഒന്നുരണ്ടു തവണ പ്രാക്ടീസ് ചെയ്യാറുണ്ട്.

*ആദ്യമായി സ്റ്റേജ് പ്രോഗ്രാം ചെയ്യുന്നത് എന്നാണ്? എവിടെവച്ചായിരുന്നു?*

മമ്മിയൂർ അമ്പലത്തിൽ ഏഴാം വയസ്സിലായിരുന്നു ആദ്യത്തെ പ്രോഗ്രാം.

*ഏകദേശം എത്ര കച്ചേരികൾ നടത്തിയിട്ടുണ്ടാവും? കേരളത്തിനു പുറത്തും വിദേശത്തും കച്ചേരികൾ നടത്തിയിട്ടുണ്ടോ?*

കഴിഞ്ഞവർഷംമുതലാണ് പ്രോഗ്രാമുകൾ ചെയ്യാൻ തുടങ്ങിയത്. കേരളത്തിനു പുറത്ത് മംഗലാപുരം, നാഗർകോവിൽ, ഹൈദരാബാദ് തുടങ്ങിയ സ്ഥലങ്ങളിലൊക്കെ പ്രോഗ്രാം ചെയ്തിട്ടുണ്ട്. ഇന്ത്യയ്ക്കകത്ത് നൂറിലധികം സ്റ്റേജുകളിൽ ചുരുങ്ങിയ കാലത്തിനുള്ളിൽ കച്ചേരികൾ നടത്താൻ പറ്റിയത് വലിയ ഭാഗ്യമാണ്. വിദേശത്തുനിന്നു പ്രോഗ്രാമിനു ക്ഷണം ഉണ്ടായിട്ടുണ്ട്. അടുത്ത വർഷത്തേക്ക് കുറച്ചധികം പ്രോഗ്രാമുകൾ ബുക്ക് ചെയ്തിട്ടുമുണ്ട്.

*നൃത്തം പഠിച്ചിട്ടുണ്ടോ?*

ഉണ്ട്. നാലു വർഷം പഠിച്ചു. ഭരതനാട്യം ഇഷ്ടമാണ്. അരങ്ങേറ്റം ഗുരുവായൂർ അമ്പലത്തിൽ വച്ചായിരുന്നു. അനുശ്രീ ടീച്ചർ (ഗുരുവായൂർ) ആണ് ഗുരു.

*വോക്കൽ പഠിക്കുന്നുണ്ടോ?*

നേരത്തേ വോക്കൽ പഠിച്ചിരുന്നു, പക്ഷേ, അത് നിന്നുപോയി. ഇപ്പോൾ കാഞ്ഞങ്ങാട് ശ്രീനിവാസൻ സാറിന്റെ മകൻ നന്ദകിഷോർസാറിന്റെ അടുത്തു പഠിക്കുന്നു.

ഗുരുവായൂർ വേണുഗോപാൽസർ, ശിവരാമൻസർ, കൊല്ലം ബാലമുരളിസാർ തുടങ്ങിയവരുടെ കീഴിലും സംഗീതം പഠിച്ചിട്ടുണ്ട്.

*അവാർഡുകളും ബഹുമതികളൊക്കെ ഗംഗക്കുട്ടിയെ തേടിയെത്തുന്നുണ്ടല്ലോ?*

അതേ. 2024 മേയ് മാസത്തിൽ സത്യനാരായണം അവാർഡ് കിട്ടി. സംഗീതത്തിനുള്ള 2024 -26 ലെ ഷൺമുഖാനന്ദ ഭാരതരത്ന ഡോക്ടർ എം.എസ്. സുബ്ബലക്ഷ്മി ഫെലോഷിപ്പിന് നാമനിർദ്ദേശംചെയ്യപ്പെട്ട കേരളത്തിൽനിന്നുള്ള ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി എന്ന ബഹുമതി കിട്ടി. നിറഞ്ഞ സന്തോഷമാണ്.

വയലിൻ സംഗീതം ഇഷ്ടപ്പെടുന്നതോടൊപ്പംതന്നെ പഠനത്തിലും മിടുക്കിയാണ് ഗംഗ. മാത്തമാറ്റിക്സാണു ഇഷ്ടവിഷയം. വയലിൻ തന്ത്രികളിൽ മായിക പ്രപഞ്ചമൊരുക്കുന്ന ഈ കൊച്ചുകുട്ടി ഈ മേഖലയിൽ ഒരു വാഗ്ദാനംതന്നെയാണ്.

# ആവിഷ്കാരസ്വാതന്ത്ര്യം അതിരു കടക്കുമ്പോൾ




**റെയ്ച്ചൽ ജോർജ്**
ബി.കോം എൽ.എൽ.ബി.
കോ ഓപ്പറേറ്റീവ് സ്കൂൾ ഓഫ് ലോ, തൊടുപുഴ





ഭരണഘടനയുടെ ആത്മാവ് കുടികൊള്ളുന്നത് അതിന്റെ ആമുഖത്തിലാണ്. ഭരണഘടനാനിർമാതാക്കളുടെ ദീർഘവീക്ഷണവും ഇന്ത്യയെക്കുറിച്ചുള്ള അവരുടെ സ്വപ്നവും ആമുഖത്തിൽ നിഴലിക്കുന്നു. പരമാധികാര സോഷ്യലിസ്റ്റ് മതനിരപേക്ഷ ജനാധിപത്യറിപ്പബ്ല് രാജ്യമായി ഭരണഘടനയുടെ ആമുഖം ഇന്ത്യയെ വിശേഷിപ്പിക്കുന്നു.

സമത്വവും സ്വാതന്ത്ര്യവും ഉറപ്പുവരുത്തി, യാതൊരുവിധ വേർതിരിവുമില്ലാതെ ജനങ്ങൾ നാനാത്വത്തിലും ഏകത്വത്തോടെ കഴിയണമെന്നതാണ് ഭരണഘടനാനിർമാതാക്കളുടെ ലക്ഷ്യമെന്ന് ഈ ആമുഖത്തിൽനിന്നുതന്നെ വ്യക്തമാണ്. രാജ്യത്ത് ഐക്യവും സമത്വവും വളർത്തുക എന്ന ആശയത്തിലൂന്നിയാണ് ഭരണഘടന തയ്യാറാക്കിയിരിക്കുന്നത്. രാജ്യത്തെ നിയമങ്ങളും ചട്ടങ്ങളും ഭരണഘടനാവിരുദ്ധമാകാൻ പാടുള്ളതല്ല. നീതിന്യായരംഗത്തെ പ്രസിദ്ധമായ കേശവാനന്ദഭാരതി കേസിൽ ഭരണഘടനാഭേദഗതികൾ അതിന്റെ അടിസ്ഥാനഘടനയെ ബാധിക്കാൻ പാടുള്ളതല്ല എന്നു പറഞ്ഞുവയ്ക്കുന്നുണ്ട്. ഇക്കഴിഞ്ഞ ദിവസങ്ങളിൽ ശ്രദ്ധയിൽപ്പെട്ട രണ്ടു വിഷയങ്ങൾ ഭരണഘടനയുടെ ആമുഖത്തോടു ബന്ധപ്പെടുത്തി വിശകലനം ചെയ്യുമ്പോൾ ഇന്ത്യയുടെ മതേതരസങ്കല്പം എത്രമാത്രം സംരക്ഷിക്കപ്പെടുന്നുണ്ടെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ചലച്ചിത്രാവിഷ്കാരങ്ങൾ ആസ്വാദ്യമാണ്; ചലച്ചിത്രഗാനങ്ങൾ ഒഴിവുസമയങ്ങളെ ആനന്ദകരമാക്കാൻ ഏറെ ഫലപ്രദവുമാണ്. എന്നാൽ, അഭിപ്രായസ്വാതന്ത്ര്യത്തിന്റെ പേരിൽ മതാചാരങ്ങളെയും പ്രാർഥനകളെയും പാരമ്പര്യങ്ങളെയും പരിഹസിക്കുന്ന തരത്തിൽ ചലച്ചിത്രങ്ങളും ഗാനങ്ങളും ആവിഷ്കരിക്കുമ്പോൾ ഭരണഘടന ഉറപ്പുനൽകുന്ന ഇന്ത്യയുടെ മതേതരസങ്കല്പത്തിനാണു ഭംഗം സംഭവിക്കുന്നത്. പാരമ്പര്യങ്ങളും വിശ്വാസങ്ങളും ഓരോ വ്യക്തിക്കും പ്രധാനപ്പെട്ടതാണ്. അഭിപ്രായസ്വാതന്ത്ര്യത്തിന്റെ പേരും പറഞ്ഞ് പാരമ്പര്യങ്ങളെയും വിശ്വാസാചാരങ്ങളെയും അലങ്കോലപ്പെടുത്തുന്നത് തീർത്തും അപലപനീയമാണ്.

മതനിരപേക്ഷത ഭരണഘടനയുടെ അടിസ്ഥാനഘടകവും കാതലുമാണെന്ന് സുപ്രീംകോടതി ഈയിടെ അടിവരയിട്ടു പറയുകയുണ്ടായി. വകതിരിവോടെ ചുറ്റുമുള്ളവരെയും അവരുടെ വിശ്വാസങ്ങളെയും ബഹുമാനിക്കാൻ നമുക്കാവണം. ഒപ്പം, നമ്മുടെ പാരമ്പര്യങ്ങളെയും വിശ്വാസങ്ങളെയും മുറുകെപ്പിടിച്ചുകൊണ്ട് അതിരുകടക്കുന്ന ആവിഷ്കാരസ്വാതന്ത്ര്യത്തെ പ്രതിരോധിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യവുമാണ്.

മതനിരപേക്ഷതത്ത്വങ്ങൾക്ക് ഉയർന്നവില കല്പിക്കുന്ന ഇന്ത്യയിൽ അടുത്തിടെ ഇറങ്ങിയ ചില സിനിമകളും അതിലെ സംഭാഷണങ്ങളും ഗാനചിത്രീകരങ്ങളും, 'കക്കുകളി' പോലുള്ള ചില നാടകങ്ങളും ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പേരും പറഞ്ഞു വിശ്വാസങ്ങളെയും പാരമ്പര്യങ്ങളെയും പ്രാർഥനകളെയും ദുഷിപ്പിക്കുന്നതായി എന്നതു വേദനാജനകമാണ്.

ഇന്ത്യ ഒരു മതേതരരാജ്യമാണെന്നും ഓരോ പൗരനും അവകാശങ്ങളും ഒപ്പം കടമകളും ഉണ്ടെന്നുമുള്ള ബോധ്യം നമ്മിൽ ഉണ്ടായിരിക്കട്ടെ.

പരമാധികാര സോഷ്യലിസ്റ്റ് മതേതരജനാധിപത്യറിപ്പബ്ലിക്കായി സംവിധാനം ചെയ്യപ്പെട്ട ഇന്ത്യയിൽ സമാധാനപൂർവം ജീവിക്കാൻ വ്യക്തിപരമായി അനുഷ്ഠിക്കേണ്ട ചില മര്യാദകളും തത്ത്വങ്ങളും ഉണ്ടെന്ന് ഓരോ ഇന്ത്യൻപൗരനും മനസ്സിലാക്കിയിരിക്കണം.

■

# ലില്ലിപ്പൂക്കൾ

കഥ




**ഡോണ സൂസൻ എബ്രാഹം**
എം.എ. ഇംഗ്ലീഷ്
സി.എം.എസ്. കോളജ്
കോട്ടയം


അയാൾ ആ റോസപ്പൂവിനെ ഉറ്റുനോക്കിക്കൊണ്ടിരുന്നു. തെളിനീരരുവിയിൽ മുഖം കഴുകിക്കൊണ്ടിരിക്കുന്ന ഇണയുടെ കറുത്ത മുടിയിഴകളിൽ ചുവന്നിരിക്കുന്ന ആ വസ്തു എങ്ങനെയുണ്ടാകുമെന്നയാൾ ചിന്തിച്ചു. മറ്റു കാട്ടുപൂക്കൾ ധാരാളമുണ്ടെങ്കിലും ഒരു പനിനീർ പുഷ്പം ആദ്യമായാണയാൾ കാണുന്നത്.

അതിനെ ഒന്നു തലോടാൻ അയാൾ ശ്രമിച്ചു. റോസാദളങ്ങളുടെ മാർദവത്തിനുപകരം കാരമുള്ളിന്റെ കാഠിന്യമാണ് അയാൾക്കാദ്യം അനുഭവപ്പെട്ടത്. ചോര പൊടിയുന്ന കൈവിരൽ ഊതിക്കൊണ്ടയാൾ പനിനീർപ്പൂവ് പറിച്ചെടുത്തു.

കാടും മലയും കേറി തന്റെ ഇണയ്ക്കുവേണ്ടി താൻ തേടുന്ന പാരിജാതത്തെ ആകർഷണീയമായി അയാൾക്ക് അനുഭവപ്പെട്ടു. അപ്പോഴേക്കും അരുവിക്കരയിൽനിന്ന് ഇണ അയാളുടെ അടുക്കലെത്തി. അവൾ പനിനീർപ്പൂവിനെ കൗതുകത്തോടെ വീക്ഷിച്ചു. അയാൾ അവളുടെ ചെവിക്കരികിൽനിന്നു വാടിക്കൊണ്ടിരിക്കുന്ന പാരിജാതം മാറ്റി പനിനീർപ്പൂവ് വച്ചു. അവളുടെ കറുത്തുനീണ്ട മുടിയിഴകളിൽ ആ ചുവന്ന റോസാപ്പൂവ് ഒരു സൂര്യനെപ്പോലെ കാണപ്പെട്ടു.

അവളുടെ മനോഹരമായ പുഞ്ചിരിയിൽ സന്തോഷിച്ചുകൊണ്ടയാൾ അവരുടെ ഗുഹയിലേക്കു കയറാൻ തുടങ്ങി. അപ്പോഴാണ് ആൽമരത്തിനു പിന്നിൽ മറഞ്ഞുനിൽക്കുന്ന അവളുടെ നീലക്കണ്ണുകൾ അയാൾ ശ്രദ്ധിച്ചത്. തങ്ങളുടെ കൂട്ടത്തിൽനിന്നു വ്യത്യസ്തമായ അവളുടെ നീലക്കണ്ണുകൾ പലയിടങ്ങളിലും അയാളെ പിന്തുടർന്നിട്ടുണ്ട്. പുഴയുടെ ഇളംനീലയിൽ പടരുന്ന പായലിന്റെ നിറമുള്ള അവളുടെ കണ്ണുകളും, വെളുത്തു വിളറിയ ശരീരവുമാണ് അയാളുടെ ആൾക്കാർ അവളെ കൂട്ടത്തിൽനിന്ന് ഒഴിവാക്കാൻ കാരണം. പലപ്പോഴും അവളാരെന്നറിയാൻ അയാളുടെ ഹൃദയം വെമ്പൽകൊണ്ടു. അവളുടെ സ്വർണമുടിയിഴകൾക്കു ചേരുന്ന ഏതൊക്കെ പൂക്കൾ കാണുമെന്നയാൾ എത്രയോ തവണ ചിന്തിച്ചിട്ടുണ്ട്. പ്രഭാതങ്ങളിൽ നീലയും പ്രദോഷങ്ങളിൽ പച്ചയുമായി മാറുന്ന അവളുടെ മായക്കണ്ണുകളിൽ മുങ്ങിത്താഴാൻ അയാളേറെ മോഹിച്ചിട്ടുണ്ട്. എന്നത്തെയുംപോലെ അവളെ ആലിന്റെ മറവിൽത്തന്നെ നിർത്തി അയാൾ തന്റെ ഇണയെയുംകൂട്ടി ഗുഹയിൽ കയറി. പക്ഷേ, അയാളുടെ മനസ്സുനിറയെ അപ്പോഴുണ്ടായിരുന്നത് പനിനീർപ്പൂവിന്റെ ദൃശ്യമായിരുന്നില്ല; മറിച്ച്, താഴ്വരയിൽ പടർന്നുനിൽക്കുന്ന ലില്ലിപ്പൂക്കളായിരുന്നു.

■






ക്ലാസ് XI
എം.ജി.എം. എൻ.എസ്.എസ്. എച്ച്.എസ്.എസ്. ളാക്കാട്ടൂർ
**കാർത്തിക എ.**


# അവധിക്കാലം



“ഋതുമോളേ” അമ്മ മകളെ വിളിച്ചു. “മോളേ! ഭക്ഷണം എടുത്തുവച്ചിരിക്കുന്നു. വാ.” അമ്മ രണ്ടുമൂന്നു തവണ വിളിച്ചിട്ടും മകൾ വിളികേട്ടില്ല. അമ്മ ദേഷ്യപ്പെട്ട് മുകൾനിലയിലെ മകളുടെ മുറിയിലേക്കു കയറിച്ചെന്നു. മകൾ മുറിയിലിരുന്ന് ഫോണിൽ കാർട്ടൂൺ കാണുകയായിരുന്നു.

അമ്മ ഫോൺ തട്ടിപ്പറിച്ചു. എന്നിട്ടു പറഞ്ഞു: “എത്ര തവണ ഞാൻ നിന്നെ വിളിക്കണം? വന്നു ഭക്ഷണം കഴിക്ക്.”

“എന്റെ ഫോൺ താ അമ്മേ... താ...”

മകൾക്കും വാശിയായി.

“എനിക്കു ഭക്ഷണം വേണ്ട.” മകൾ പറഞ്ഞു.

“ഭക്ഷണം വേണ്ടേ? എന്നാൽ നിനക്കു ഫോണും വേണ്ട.” അമ്മ ഫോൺ മാറ്റി വയ്ക്കാൻ പോവുന്നതുകണ്ട് മകൾ കരഞ്ഞതും അമ്മ അച്ഛന്റെയടുത്ത് പരാതിയുമായി ചെന്നു:

‘അതേ, നിങ്ങടെ മകളെ ശ്രദ്ധിച്ചോ. അവൾ ഇരുപത്തിനാലു മണിക്കൂറും ഫോണിലാ.”

“തെറ്റു ചെയ്തപ്പോൾ എന്റെ മകൾ...” അച്ഛൻ അമ്മയെ നോക്കി.

“അത് എന്തെങ്കിലും ആവട്ടെ. അവൾ പറയുവാ അമ്മയും എപ്പോഴും ഈ ഫോണിൽ അല്ലേ, പിന്നെ ഞാൻ കണ്ടാൽ എന്താ കുഴപ്പമെന്ന്.”

“അവൾ പറഞ്ഞതിലെന്താ തെറ്റ്? ഞാൻ അവളുടെ ഭാഗം ചേർന്ന് പറയുവല്ല. ഈ പറഞ്ഞ നമ്മൾ എല്ലാവരും ഈ യാന്ത്രികലോകത്തല്ലേ?” പറഞ്ഞതുകേട്ടപ്പോൾ അമ്മ അതേ എന്ന മട്ടിൽ തലയാട്ടി. അച്ഛൻ തുടർന്നു: “നമ്മൾ ഒന്നിച്ച് എപ്പോഴാണ് അവസാനം സംസാരിച്ചത് എന്ന് ഓർമയുണ്ടോ? കറങ്ങാൻ പോയതുമൊക്കെ? എന്തായാലും കുട്ടികൾക്ക് അവധിക്കാലമല്ലേ, നമുക്ക് അമേരിക്കയിലെ ഈ കെട്ടിടങ്ങൾക്കിടയിൽനിന്നു മാറി നമ്മളൊക്കെ കളിച്ചു വളർന്ന ആ പച്ചപ്പു നിറഞ്ഞ നമ്മുടെ നാട്ടിലേക്കു പോയാലോ?”

അമ്മ സമ്മതിച്ചു. മക്കളോടു പറഞ്ഞപ്പോൾ അവരും സമ്മതിച്ചു.

യാത്രയ്ക്കൊരുങ്ങുമ്പോൾ അച്ഛൻ മക്കളോട് ഒരു കാര്യം പറഞ്ഞു: “നമ്മടെ ഇനിയുള്ള യാത്ര മൊബൈൽ ഫോണോ ഇന്റർനെറ്റോ ഒന്നും ഉപയോഗിക്കാതെയായിരിക്കും.” അച്ഛൻ തുടർന്നു പറഞ്ഞു:

“എല്ലാവരും അവരുടെ ഫോൺ ഈ ബോക്സിലിട്ടേ.”

ആദ്യം മക്കൾക്കു താത്പര്യമില്ലായിരുന്നുവെങ്കിലും, ഒടുവിൽ അവർ കൊടുത്തു. യാത്ര തുടങ്ങി. കുറച്ചുനേരം അവർ അങ്ങോട്ടുമിങ്ങോട്ടും നോക്കി. പിന്നീട് ഓരോ വിശേഷങ്ങൾ ഓരോരുത്തരും പങ്കിട്ടു. കളിയും ചിരിയുമായി അവർ ഉല്ലസിച്ചു. സത്യം പറഞ്ഞാൽ ആ നിമിഷമാണ് അവർ പരസ്പരം ശരിക്കും അറിയുന്നത്. വിവിധ സ്ഥലങ്ങൾ പിന്നിട്ട് അവർ അച്ഛന്റെ നാട്ടിലെത്തി. അച്ഛന്റെ അമ്മ അവരെ കാത്തിരിക്കുകയായിരുന്നു.

വർഷങ്ങൾക്കുശേഷം എല്ലാവരും തമ്മിൽ കണ്ടതിന്റെ സന്തോഷം ആ വീട്ടിൽ നിറഞ്ഞു. അവിടെ അച്ഛന്റെ സഹോദരിയുടെ മക്കളും ഉണ്ടായിരുന്നു. അവർ ഇന്ത്യയിൽ വളർന്നവരായിരുന്നു. അമേരിക്കയിലെ കെട്ടിടങ്ങളിൽനിന്നും മാളുകളിൽനിന്നും തികച്ചും വ്യത്യസ്തമായി മരങ്ങളും ചെറുകടകളും അവിടുന്ന് കിട്ടുന്ന നാടൻ സാധനങ്ങളും ആൾക്കാരും കുട്ടികൾക്കു വളരെ പ്രിയമുള്ളതായി.

വഴിയരുകിലെ കടയിൽനിന്നു പുളിമിഠായി, അച്ചാർ, എല്ലാം വാങ്ങി ആസ്വദിച്ചുകഴിച്ച് അവർ ഒരു മാവിൻചുവട്ടിലിരുന്നു. “ഹൊ! ഞങ്ങൾ ഇങ്ങനെയൊന്നും ഇതുവരെ ആസ്വദിച്ചിട്ടില്ല. നല്ല രസമാണ് ഇവിടെ. ‘It’s my first time. I love it’ ഋതുവിന്റെ ചേട്ടൻ പറഞ്ഞു. “യേസ് ചേട്ടാ.” ഋതുവും പറഞ്ഞു. “ഇനിയും കാര്യങ്ങൾ ഉണ്ട്. മുകളിൽ നോക്ക്.” പഴുത്തു കിടക്കുന്ന മാങ്ങാ കാണിച്ചുകൊടുത്തു. എല്ലാ കുട്ടികളും അതിലെ മാങ്ങാ വീഴ്ത്താൻ കല്ലെറിഞ്ഞു. രണ്ടുമൂന്നു മാങ്ങാ വീണു. മാങ്ങയും തിന്നുകൊണ്ട് അവർ നടന്നു. അവർ വീടിന്റെ മുറ്റത്തു കളിക്കാൻ തുടങ്ങി. അവർ കണ്ണുപൊത്തിക്കളിച്ചു. കുട്ടിയും കോലും കളിച്ചു, എത്രതരം പുതിയ കളികൾ!

കുട്ടികളുടെ ചിരിയും സന്തോഷവും കണ്ട് അമ്മ അച്ഛനോടു പറഞ്ഞു: “എന്റെ മക്കളെ ഇത്ര സന്തോഷത്തോടെ ഞാൻ കണ്ടിട്ടില്ല.”

അമേരിക്കയിലെ കോൺക്രീറ്റുകാടുകൾക്കിടയിൽ ജീവിച്ച ഋതുവിനും ചേട്ടനും ആ അവധിക്കാലം വളരെ സുന്ദരമായ അനുഭവമായിരുന്നു. ■




**അച്യുത് കെ. എസ്.**
എം.എ. പൊളിറ്റിക്സ്
സെന്റ് തോമസ് കോളജ് പാലാ




# മാതൃഘാതകം

ഗദ്ഗദകണ്ഠത്തിനിന്നില്ല ത്രാണിയീ
ഘോരപാതകാക്രോശം തടഞ്ഞിടാൻ,
ദേഹം മൃതപ്രാപ്തമായെന്നിരുന്നാലും
ദേഹി ദഹിച്ചുപോയീക്ഷണത്തിൽ

മാതാവ് തൻബാഹു ബാലനാം എന്നില-
ന്നാരാമമധ്യേ സഹപ്രവൃത്ത്യേ,
ധാരാലയം തന്നിലേകമാം കോണിലൊരാ-
രോമൽ തൈത്തളിർ പ്രതിഷ്ഠചെയ്തേൻ.

ജനനിതൻ പശുനിലച്ചെങ്ങോ വിദൂരമാം
ധർമാലയം വാണുവെന്നാകിലും
ധരണിയിൽ മാതൃസ്മൃതിഭൂതമായെനി-
ക്കൊരുതരു മാത്രം ബാക്കിവയ്ക്കേ

അമ്മയ്ക്കു തോഴിമാർ ആയിരംപോരയെൻ
ജന്മത്തിലത്രയേ സാധ്യമാകൂ,
ധർമംകണക്കെ ഞാൻ ആചരിച്ചീടിനേൻ
വൃക്ഷം പ്രതിഷ്ഠിയാം കർമമത്രേ.

ദുഷ്ടന്മാർ ഏറെപ്പേർ വന്നുപകമടങ്ങ-
ത്യുഗ്രമായെൻ മാതൃവനേ,
പറ്റില്ലയൊരു ചില്ലപോലുമിളക്കുവാൻ
ഉച്ചത്തിൽ ഗർജനം ചെയ്തു ഞാനും

കാലംപിടിയിലില്ലേതൊരു മർത്ത്യനും
ബന്ധം ബന്ധനം ചെയ്ത പാരിൽ
സന്തതസൗഖ്യം ലഭിക്കയായെങ്കിലും
സങ്കടം കൂടെയുണ്ടോർത്തീല ഞാൻ

സമ്പത്തുമാത്രമാണന്ത്യാഭിലാഷമെൻ
സന്തതികൾക്കിവ മരങ്ങൾമാത്രം,
വെട്ടിനുറുക്കിനേൻ ഓരോ മരങ്ങളും
വെട്ടിമുറിച്ചേൻ മമ ദേഹിയും

പൈശാചികമായൊരായുധമേന്തിയെൻ
മാതൃസഖീഘാതകാസക്ത;രെൻ
മാതൃവൃക്ഷത്തിലോങ്ങിയൊരുങ്ങവേ
ജാലകപ്പടിയിൽ നുറുങ്ങിയെൻ ചിത്തവും

കണ്ഠമിടറിയെൻ കർണം നിലച്ചുപോയ്
കണ്ണിനോ തിമിരം ഭുവനത്തിനോ!
അമ്മതൻ ശിരസ്സിതാ ഛേദനം ചെയ്കയായ്
ഞാനും ഗമിക്കയായ് മാതൃപദം.

എന്റെ വര




**നവമി എസ്. നായർ**
എം.എ. ഹിസ്റ്ററി
സെന്റ് തോമസ് കോളജ് പാലാ


